വെള്ളപ്പൊക്കവും കടലാക്രമണവും നിമിത്തം മത്സ്യബന്ധന മേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം

748. [1236] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വെള്ളപ്പൊക്കവും കടലാക്രമണവും നിമിത്തം മത്സ്യബന്ധന മേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം എന്തെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആകെ നഷ്ടം എത്ര ;

(സി) നഷ്ടം ഏതേത് ഇനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നഷ്ടത്തിനനുസൃതമായ പരിഹാരം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആവശ്യപ്പെട്ട തുക എത്ര ;

(എഫ്) കേന്ദ്രസഹായം ഉപയോഗിച്ച് എന്തെല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊണ്ണൂറിഒന്ന് ലക്ഷം രൂപ.

(സി) മത്സ്യബന്ധനോപകരണങ്ങൾ, വീടുകൾ, ഫലവൃക്ഷങ്ങൾ എന്നിവ നഷ്ടപ്പെടുക, മത്സ്യം വളർത്ത് കുളങ്ങൾ മണ്ണു കൊണ്ട് നികരുക, ബണ്ടുകൾ ഇടിയുക സ്ലൂയിസുകൾ നഷ്ടപ്പെടുക മുതലായ രീതിയിലാണ് നഷ്ടങ്ങൾ സംഭവിക്കുകയുണ്ടായത്.

(ഡി) ഉണ്ട്.

(ഇ) എഴുപത്തിരണ്ട് ലക്ഷം രൂപ.

(എഫ്) കേന്ദ്രസർക്കാരിന്റെ പുതുക്കിയ നിബന്ധനകൾക്ക് വിധേയമായി വെള്ളപ്പൊക്കക്കെടുതിയിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്കും അംഗഭംഗം സംഭവിച്ചവർക്കും ധനസഹായം നൽകുക, മരം കൊണ്ടുള്ള യന്ത്രവൽകൃതമല്ലാത്ത ബോട്ടുകൾക്കും നാടൻ വള്ളങ്ങൾക്കും കട്ടമരങ്ങൾക്കും കേടുപാട് സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുക, മത്സ്യം വളർത്തൽ കേന്ദ്രങ്ങളിലെ കുളങ്ങൾക്ക് മണ്ണിടിഞ്ഞും മറ്റും ഉണ്ടായ നാശനഷ്ടങ്ങൾക്കും, മത്സ്യക്കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടതിനും, വളമിട്ട വെള്ളം ഒലിച്ചുപോയതിനും മറ്റും നഷ്ടപരിഹാരം നൽകുക, തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിലവസരം സൃഷ്ടിക്കുക മുതലായവയ്ക്കാണ് കേന്ദ്രസഹായം ഉപയോഗിക്കുന്നത്.

നീണ്ടകരയിൽ യന്ത്രവൽകൃത ബോട്ടുകളുടെ ആക്രമണം

749. [1237] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയിടെ നീണ്ടകരയിലുണ്ടായ യന്ത്രവൽകൃതബോട്ടുകളുടെ ആക്രമണംമൂലം എത്ര മൽസ്യത്തൊഴിലാളികൾ മരിച്ചു ; എത്ര മത്സ്യത്തൊഴിലാളികൾക്ക് പരിക്ക് പറ്റി ; എത്ര മത്സ്യബന്ധന ഉപകരണത്തിന് കേട് സംഭവിച്ചു ;

(ബി) പരിക്ക് പറ്റിയ തൊഴിലാളികൾക്കും മത്സ്യബന്ധന ഉപകരണങ്ങൾ കേട് വന്നതുമൂലമുള്ള നഷ്ടം നികത്താനും സഹായം നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly